15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4586 | 02-07-2024 - ൽ മറുപടിയ്ക്ക്

വനം-വന്യജീവി സംരക്ഷണത്തിന് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം-വന്യജീവി സംരക്ഷണത്തിന് പുതിയ ദിശാബോധം നൽകുന്ന ഏതൊക്കെ പദ്ധതികൾക്ക് രൂപം നൽകാനും നടപ്പിലാക്കാനും കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | വനഭൂമിയുടെ സംരക്ഷണത്തിനായി വനഭൂമിയും, സ്വകാര്യഭൂമിയും വേർതിരിച്ചുകൊണ്ടുള്ള ജണ്ടകളുടെ നിർമ്മാണം ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വനാതിർത്തി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികളും കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി വനനിയമങ്ങൾ പ്രകാരം നടപടി സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും തുടർന്നുവരുന്നു .വനം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ കേസ് രജിസ്റ്റർ ചെയ്യുകയും, കുറ്റവാളികളെ കണ്ടെത്തി കോടതിയിൽ ചാർജ്ജ് ചെയ്ത് പരമാവധി ശിക്ഷ ലഭ്യമാക്കുന്നു. സ്വാഭാവിക വനങ്ങൾ സംരക്ഷിക്കുന്നതിന് സർക്കാർ ഉത്തരവ് (എം.എസ്)നം.29/2021/വനം, തീയതി 17.12.2021 പ്രകാരം നയരേഖ അംഗീകരിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം വനത്തിന്റെ സ്വാഭാവികതക്കായി വിവിധ ഭാഗങ്ങളിൽ ശുഷ്കമായതും, നാശോന്മുഖവുമായ വനപ്രദേശങ്ങളിൽ പാരിസ്ഥിതിക പുനസ്ഥാപനം ഉറപ്പ് വരുത്തുന്നതിന് നിബിഡവനങ്ങളുടെ സാന്നിധ്യം വർദ്ധിപ്പിക്കുന്നതിനും വേണ്ടി വിവിധ ഇനത്തിൽപ്പെട്ട തദ്ദേശീയ വനവൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനും നടപടി സ്വീകരിച്ച് നടപ്പിലാക്കി വരുന്നു.. |
| (ബി) | ആദിവാസി വിഭാഗത്തിലുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വനം വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | 1988-ലെ ദേശീയ വനനയം പ്രകാരം വനവൽക്കരണം, വനസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയിൽ വനാശ്രിതരായ പ്രാദേശിക ജനസമൂഹങ്ങളെ ഉൾപ്പെടുത്തുന്നതിന് ഊന്നൽ നൽകുന്നു. ഇതിന്റെ ഭാഗമായി 427 വനസംരക്ഷണ സമിതികളും (വി.എസ്.എസ്), 213 ഇക്കോ ഡവലപ്മെന്റ് കമ്മറ്റികളും (ഇ.ഡി.സി) രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. കൂടാതെ ടി വി.എസ്.എസ്/ ഇ.ഡി.സി അംഗങ്ങളെ ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ |

| | | | |
|---|---|---|---|
| | | | പരിപാലനത്തിനും, സന്ദർശക സുരക്ഷക്കുമായി ഗൈഡുമാരായും നിയോഗിക്കുന്നു. ഇതുവഴി വനാശ്രിത സമൂഹത്തിലെ അംഗങ്ങൾക്ക് കൂടുതൽ തൊഴിലും, അതുവഴി മെച്ചപ്പെട്ട വരുമാനവും ഉണ്ടാകുന്നു. വനാശ്രിതരായ ആദിവാസികളുടെ പ്രധാന തൊഴിലും, വരുമാന മാർഗ്ഗവും വനത്തിൽ നിന്നും ലഭിക്കുന്ന ചെറുകിട വനവിഭവങ്ങളുടെ ശേഖരണവും വിപണനവുമാണ്. ടി വനവിഭവങ്ങൾക്ക് മെച്ചപ്പെട്ട വിപണിയും, വിലയും ലഭിക്കുന്നതിനായി വനം വകുപ്പ് 'വനശ്രീ' പദ്ധതി നടപ്പാക്കി വരുന്നു. ചെറുകിട വനവിഭവങ്ങൾ കൂടുതൽ മികവോടെ മൂല്യവർദ്ധനവ് വരുത്തി മെച്ചപ്പെട്ട വിപണി മൂല്യം ലഭിക്കത്തക്ക വിധത്തിൽ വിപണനം ചെയ്യുന്നതിനായി വി.ഡി.വി.കെ പദ്ധതി നടപ്പിലാക്കി വരുന്നു. തൊഴിലധിഷ്ഠിത പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന ആദിവാസി വിഭാഗത്തിലെ പെൺകുട്ടികൾക്കായി വനം വകുപ്പ് 'സൃഷ്ടി' സ്കോളർഷിപ്പ് നടപ്പിലാക്കിയിട്ടുണ്ട്. വനമേഖലകളിലുള്ള ആദിവാസി നഗറുകളിൽ ലൈബ്രറികൾ സ്ഥാപിക്കുന്നതിനുള്ള 'കതിർ' എന്ന പദ്ധതി വനം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ആദിവാസി വിഭാഗത്തിൽപ്പെട്ടവരിൽ നിന്ന് 500 പേരെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായും, 700 പേരെ ഫോറസ്റ്റ് വാച്ചർമാരായും വനംവകുപ്പിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിച്ചു. കേരളത്തിലെ ആദിവാസി മേഖലകളിൽ ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായി 'സ്നേഹഹസ്തം' എന്ന പേരിൽ മെഡിക്കൽ ക്യാമ്പുകളും നടത്തി വരുന്നു. |
| (സി) | വനാതിർത്തി സംരക്ഷിക്കുന്നതിനും വനം കയ്യേറ്റം തടയുന്നതിനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | വനഭൂമിയുടെ സംരക്ഷണത്തിനായി വനഭൂമിയും, സ്വകാര്യഭൂമിയും വേർതിരിച്ചുകൊണ്ടുള്ള ജണ്ടകളുടെ നിർമ്മാണം ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വനാതിർത്തി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വനസംരക്ഷണത്തിനായി സംരക്ഷണ ജീവനക്കാർ പ്രൊട്ടക്ഷൻ വാച്ചർമാർ, പ്രൊട്ടക്ഷൻ ഗ്യാംഗ് എന്നിവരെ നിയോഗിക്കുകയും കർശനമായ അതിർത്തി പരിശോധന, പട്രോളിംഗ്, ഇന്റീരിയർ പെരാമ്പുലേഷൻ എന്നിവ നടത്തിയും, കയ്യേറ്റ ശ്രമങ്ങൾ സംബന്ധിച്ച വിവരശേഖരണം നടത്തിയും, കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി വനനിയമങ്ങൾ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. വനം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ കേസ് രജിസ്റ്റർ ചെയ്യുകയും, കുറ്റവാളികളെ കണ്ടെത്തി കോടതിയിൽ ചാർജ്ജ് ചെയ്ത് പരമാവധി ശിക്ഷ ലഭ്യമാക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ